കാൻസർ
നമ്മുടെ മനസ്സിന്റെ പ്രതിഫലനം

ചികിത്സയും, പ്രതിരോധവും, ജീവിതചര്യകളും

ഡോ.പ്രദീപ് ചള്ളിയിൽ,
സീനിയർ ബയോടെക്നോളജി സയന്റിസ്റ്റ്
ലോവ, യു.എസ്.എ
പരിഭാഷ : പ്രൊഫ.ആർ.പി.മേനോൻ

Uni5™
All that is, I am, Eternal.
Sakthi Foundation
All That is, I am, Eternal
Uni5 Sakthi Foundation
1507 Lone oak Circle, Fairfield, IA-52556, USA
Phone – 09789068877 Web: www.uni5.co www.sakthifoundation.org
Email: info@uni5.co

വർഷം തോറും ഇന്ത്യയിൽ 50000 പേർ കാൻസർ രോഗം പിടിപെട്ടുമരിക്കുന്നു. ഓരോ വർഷവും രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. മാംസം, പാലുൽപന്നങ്ങൾ തുടങ്ങിയ കൊഴുപ്പുകൂടിയ ഭക്ഷണം ഒഴിവാക്കിയും നാരടങ്ങിയതും ഊർജ്ജസമ്പുഷ്ടവുമായ പഴവർഗ്ഗങ്ങളും പച്ചക്കറികളും ഉപയോഗിച്ചും കാൻസറിൽ നിന്നും സംരക്ഷണം നേടാവുന്നതാണ്. നല്ല ഭക്ഷണ രീതി കൊണ്ടുമാത്രം കാൻസർ തടയുവാനാകില്ല. ഭക്ഷണക്രമം, പിരിമുറുക്കം, മാനസികാവസ്ഥ, ജീവിതശൈലി ഇത്യാദി കാൻസറിലേക്കുനയിക്കുന്ന ഘടകങ്ങളെയും രോഗശമനത്തിനും പ്രതിരോധത്തിനുമുള്ള മാർഗ്ഗങ്ങളെയും കുറിച്ചുള്ള അറിവും അത്യാവശ്യമാണ്. അത്തരത്തിലുള്ള ഒരു ചർച്ചയാണ് ഈ ലേഖനം ലക്ഷ്യമാക്കുന്നത്.

ലക്ഷക്കണക്കിന് ചെറിയ മൺതരികൾ ചേർത്ത് വീടിന്റെ ചുവരുകളും മേൽത്തട്ടും നിർമ്മിക്കുന്നത് പോലെ ലക്ഷകണക്കിന് ചെറിയ കോശങ്ങൾകൊണ്ടുണ്ടാക്കിയിട്ടുള്ളതാണ് നമ്മുടെ ശരീരം. ഓരോ കോശവും ശരീരഘടനാനിയമങ്ങൾക്കനുസൃതമായി അവയുടെ കടമകൾ നിർവഹിക്കുന്നു, രാജ്യത്തെ നിയമങ്ങൾ പൗരന്മാർ എങ്ങനെയാണോ അനുസരിക്കുന്നത് അതുപോലെ കോശസമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി കോശങ്ങളെല്ലാം കൂട്ടായി പ്രവർത്തിക്കുന്നു. അത് ആത്യന്ത്യകമായി ശരീരത്തിന് പ്രയോജനപ്പെടുന്നു, രാജ്യനന്മയ്ക്കുവേണ്ടി ജനങ്ങൾ സംഘടിച്ചു പ്രയത്നിക്കുന്നതുപോലെ.

ഒരു കുടുംബത്തിലെ അംഗങ്ങളെ പോലെ പ്രവർത്തിക്കുന്ന സഹകോശങ്ങൾ ഓരോ കോശത്തിലുമുണ്ട്. ഭാര്യഭർത്താക്കന്മാരെപ്പോലെ, കുടുംബത്തിലെ, സമൂഹത്തിലെ, സംഘടനയിലെ, രാജ്യത്തിലെ, ലോകത്തിലെ അംഗങ്ങളെപ്പോലെ ഇവയും വർത്തിക്കുന്നു. സ്വന്തം താൽപര്യത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്ന ഒരാളെ സ്വാർത്ഥൻ എന്നുവിളിക്കും. ഇത്തരക്കാർ കുടുംബ-രാജ്യബന്ധങ്ങൾ ശിഥിലമാക്കുന്നു. മറ്റുള്ളവരുടെ ഊർജ്ജം ഊറ്റിക്കുടിച്ച് സ്വന്തം നില ഭദ്രമാക്കുന്നു. അങ്ങനെയുള്ള ഒരു സ്വാർത്ഥനാണ് കാൻസർ.

ഒരു കോശം സ്വാർത്ഥവും സ്വന്തം നിലനിൽപിനുവേണ്ടിമാത്രം നിലകൊള്ളുമ്പോൾ അത് കാൻസർ കോശമാകും. സ്വാർത്ഥർ പെരുകുമ്പോൾ രാജ്യം പ്രശ്നങ്ങളെക്കൊണ്ട്. സങ്കീർണ്ണമാകും. അതുപോലെ കാൻസർ കോശങ്ങളുടെ സ്വാർത്ഥത രോഗിയെ പ്രതികൂലമായി ബാധിക്കുന്നു. അതിജീവനത്തിനുവേണ്ടി അവ ശരീരഭാഗങ്ങൾ കാർന്നുതിന്നുന്നു.


കാൻസർ പിടിപെട്ടാൽ മരണം ഉറപ്പാണ് എന്ന ഭയത്താൽ രോഗി ഡോക്ടറുടെ അടുത്തേക്ക് പായുന്നു. കീമോതെറാപ്പിക്ക് വിധേയനാകുന്നു. ഇത് ഭീകരനെപിടികൂടുന്നതിനുവേണ്ടി ഒരു പ്രദേശത്ത് ബോംബിടുന്നതിനു തുല്യമാണ്. ബോബ് വീഴുന്ന സ്ഥലത്ത് ഭീകരൻ മാത്രമല്ല സാധാരണക്കാരും മരിക്കുന്നു. കീമോതെറാപ്പി കാൻസർ കോശങ്ങളോടൊപ്പം സാധാരണ കോശങ്ങളെയും നശിപ്പിക്കുന്നു. തലയിലെ മുടികൊഴിച്ചിലിനുകാരണം സാധാരണകോശങ്ങളുടെ നാശമാണ്. കുടലുകളിലെ സാധാരണ കോശങ്ങളുടെ നാശം മനംപിരട്ടലിനും ഛർദ്ദിക്കും കാരണമാകുന്നു. രക്തകോശങ്ങളുടെ ഉന്മൂലനം പനിയും പകർച്ചവ്യാധിയും ക്ഷണിച്ചുവരുത്തുന്നു. കീമോതെറാപ്പി ഫലപ്രദമാകാതെ വരുമ്പോൾ രോഗിയെ ശസ്ത്രക്രിയക്കു വിധേയനാക്കുന്നു. രോഗം മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കാതിരിക്കുന്നതിനുവേണ്ടി സ്തനം, ഗർഭപാത്രം മുതലയാവ നീക്കം ചെയ്യുന്നു.

കാൻസർ ചെയ്യുന്നത് പോലെ ഇന്നത്തെ സമൂഹത്തിൽ മനുഷ്യർ മറ്റുള്ളവരുടെ ശക്തി ക്ഷയിപ്പിക്കുന്നു. പ്രകൃതിയെ നശിപ്പിക്കുന്നു. കാൻസർ കോശങ്ങളെ പിഴുതെറിയാൻ നമ്മൾ തുനിഞ്ഞിറങ്ങിയാൽ നമ്മുടെ സ്വാർത്ഥതയെ ഇല്ലാതാക്കാൻ പ്രകൃതിയും മുതിരുകയില്ലേ? കാൻസർ കോശങ്ങളെപ്പോലെ സ്വന്തം ആഗ്രഹനിവൃത്തിക്കുവേണ്ടി പ്രവർത്തിക്കുന്നവരല്ലേ നമ്മളും? കുടുംബത്തോടും സമൂഹത്തോടുമുള്ള ഒരു കടമയും നമ്മൾ നിറവേറ്റുന്നില്ല. മറ്റു കോശങ്ങളെ വിഴുങ്ങുന്ന കാൻസർ കോശങ്ങളുടെ പാത പിന്തുടർന്ന് 24 മണിക്കൂറും പണസമ്പാദനത്തിനുവേണ്ടി നമ്മൾ നിരന്തരം പരിശ്രമിക്കുന്നു. സ്വാർത്ഥത വർദ്ധിക്കുന്നതോടൊപ്പം കാൻസർ സംഭവങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കും. നല്ല കോശങ്ങളുടെ ചെലവിൽ കാൻസർ കോശങ്ങളെ നശിപ്പിച്ചുകൊണ്ട് ജീവിതദൈർഘ്യം കൂട്ടുന്നതിനുള്ള അത്ഭുതകരമായ ജോലിയാണ് വൈദ്യശാസ്ത്രം ചെയ്തുകൊണ്ടിരിക്കുന്നത്. സ്വാർത്ഥരുടെ എണ്ണത്തിലുള്ള വർദ്ധനയല്ല വ്യക്തികളെ പ്രതികൂലമായി ബാധിക്കും, കാൻസർ കോശങ്ങൾ സാധാരണകോശങ്ങളെ എന്നപോലെ.

കാൻസർ എങ്ങനെഭേദമാക്കാനും തടയാനും കഴിയും എന്നതാണ് നമ്മുടെ മുന്നിലുള്ള ചോദ്യം. ഒന്നാമത് കാൻസറിനെക്കുറിച്ചുള്ള മനോഭാവത്തിൽ മാറ്റം വരണം. മനുഷ്യജീവിക്ക് അഞ്ചുതലങ്ങളുണ്ട്. ഓരോ തലത്തിലും കാൻസറിനെതടയുന്നതിനും ഭേദപ്പെടുത്തുന്നതിനും ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരണം. നമ്മൾ എന്തിന് അഞ്ചുതലങ്ങളിൽ വിഭജിക്കപ്പെടണം? നമ്മൾ എന്തിന് അഞ്ചുതലങ്ങളെക്കുറുച്ചു മനസ്സിലാക്കണം? എന്തുകൊണ്ട് പരിഹാരം നിർദ്ദേശിക്കുന്നില്ല?

നടുവേദനയുമായി ഒരു ഡോക്ടറെ സമീപിച്ച് എനിക്ക് ശരീരം വേദനിക്കുന്നു എന്നുപറഞ്ഞാൽ വേദനയെവിടെയാണെന്നു കണ്ടുപിടിക്കാൻ ഡോക്ടർക്ക് കഴിയുകയില്ല. വേദനയുണ്ടാകുന്ന ഭാഗം കൃത്യമായി കാണിച്ചുകൊടുക്കാതിരുന്നാൽ ഒരു വേദനസംഹാരി ഡോക്ടർ നിർദ്ദേശിക്കും. വേദനതാൽക്കാലികമായി ഇല്ലാതാവുകയും മരുന്നിന്റെ ഫലം തീർന്നുകഴിയുമ്പോൾ വേദനവീണ്ടും അനുഭവപ്പെടുകയും ചെയ്യും. ശരീരത്തെ തല, കണ്ണ്, കഴുത്ത്, പുറം, കൈകൾ, കാലുകൾ, വയറ് എന്നിങ്ങനെ പ്രവർത്തനാടിസ്ഥാനത്തിൽ വേറിട്ടുകണ്ടുകൊണ്ട് വേദനയുള്ള ഭാഗം പ്രത്യേകം കാണിച്ചുകൊടുത്താൽ ഡോക്ടർക്ക് ഫലപ്രദമായി ചികിത്സിക്കാൻ കഴിയും. രോഗത്തിന്റെ ഉറവിട അതിന്റെ വാഹകനേയും മനസ്സിലാക്കാൻ സാ ക്കുന്നു എന്നതുതന്നെ അതിനും കാരണം. എന്നാ കാൻസർ ചികിത്സ അത്ര അനായാസമല്ല. കോശ തന്നെയാണ് അതിനുകാരണം.


കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി വിഭജിക പ്പെടുന്നതാണ് മൃദുവായ കാൻസറിന്റെ ആദ്യലക ണം. അണുകുടുംബസ്ഥാപനാർത്ഥം നമ്മൾ പ്രകൃ സമ്പത്ത് നശിപ്പിച്ചുകൊണ്ട് ദമ്പതികൾക്കുവേണ്ട വീടുകൾ നിർമ്മിക്കുവാൻ തുടങ്ങി. വ്യക്തിതാൽപ്പര്യ സംരക്ഷിക്കുന്നതിനുവേണ്ടി നമ്മൾ ബന്ധങ്ങളോ വിടപറയുന്നു. യാതൊരു പരിത്യാഗവും ചെയ്യാതെ മറ്റുള്ളവരിൽ നിന്നും പരമാവധി ആനുകൂല്യം കൈപ്പ



റ്റാൻ നമ്മൾ ശ്രമിക്കുന്നു. കാൻസർ കോശങ്ങളും തങ്ങളുടെ ആധിപത്യം ശക്തിപ്പെടുത്തുന്നതിനുവേണ്ടി സമീപ സെല്ലുകളുമായുള്ള ആശയവിനിമയബന്ധം വിച്ഛേദിക്കുന്നു.

കടമകളെക്കുറിച്ചുള്ള അറിവിന്റെ അഭാവവും വ്യക്തിതാൽപ്പര്യജന്യമായ ഭയവും സാമൂഹ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. സാംക്രമികരോഗ സമൂഹത്തിൽ നിന്നും കാൻസർരോഗ സമൂഹമായി നമ്മൾ മാറിക്കൊണ്ടിരിക്കുന്നു. സാംക്രമികരോഗം ബാധിച്ച ഒരു വ്യക്തിയെ നമുക്കു ചികിത്സിക്കാം. അയാളുടെ രോഗത്തിന്റെ കാരണവും രോഗവാഹകനേയും വ്യക്തമായി നമുക്കറിയാം. എന്നാൽ കാൻസർ ചികിത്സിക്കാൻ പ്രയാസമാണ്. കാരണം അതിന്റെ ഉറവിടം അജ്ഞാതമാണ്.

സ്വാർത്ഥതയുടെ ഫലമായി നമ്മുടെ ജീവിതം അസ്വസ്ഥമാകുന്നു. ഇതിനെഅതിജീവിക്കാൻ നമ്മൾ ഇന്ദ്രിയങ്ങളിലൂടെ സന്തോഷം കണ്ടെത്തുന്നു. 1. രുചിയിലൂടെ -പൊരിച്ച വിഭവങ്ങൾ, നിറം കൊടുത്ത രാസവസ്തുക്കളടങ്ങിയ ഭക്ഷണം, മദ്യം, പുകയില തുടങ്ങിയവ. 2. ദർശനത്തിലൂടെ - നിറമുള്ള ഭക്ഷണം, നിറമുള്ള വേഷം, സ്റ്റാറ്റസ്സിനനുസരിച്ചുള്ള വീടുകൾ, കാറുകൾ, ഉപകരണങ്ങൾ, സൗന്ദര്യവർദ്ധിതഭാവം (സൗന്ദര്യം), ലൈംഗികാസക്തി ഉദ്ദീപിപ്പിക്കുന്ന ഇക്കിളിയിളക്കിവിടുന്ന ചിത്രങ്ങൾ, സിനിമകൾ തുടങ്ങിയവ. 3. ശ്രവണത്തിലൂടെ - സീരിയൽ കഥാപാത്രങ്ങളെപ്പൊലെയുള്ള മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും കേട്ട് നുണപറഞ്ഞു സന്തോഷിക്കുന്ന സ്വഭാവം. 4. സ്പർശനത്തി



ലൂടെ-അധാർമ്മിക ലൈംഗിക പ്രവൃത്തികൾ വഴിയുള്ള സ്പർശനസുഖാനുഭവം. 5. മണത്തിലൂടെ, സുഗന്ധദ്രവ്യങ്ങൾ, മസാല, പുഷ്പങ്ങൾ, ചില ലഹരിവസ്തുക്കൾ ഇത്തരത്തിലുള്ള ഇന്ദ്രിയ സാക്ഷാൽക്കാരം മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യപരിപാലനത്തിനുള്ള സമയം അപഹരിക്കുന്നു. ശരീരപോഷണം, വൃത്തി, വ്യായാമം, ശരീരത്തിനും മനസ്സിനും വിശ്രമം നൽകൽ എന്നിത്യാദി അവശ്യം വേണ്ട കാര്യങ്ങൾ നമ്മൾ മറന്നുപോകുന്നു. ഇവ അഞ്ചും ക്യാൻസറിന് കാരണഭൂതമാകുന്നു.

ക്യാൻസർ പ്രതിരോധം : ക്യാൻസർ തടയുന്നതിന് അഞ്ചുകാര്യങ്ങൾ നമ്മൾ ചെയ്യണം

1. പോഷകാഹാരം:

നമ്മുടെ ശരീരവും മനസ്സും പോഷകഗുണമുള്ള ആഹാരം കൊണ്ട് പരിപോഷിപ്പിക്കണം. റാഗി, ചാമ, വരക്, കമ്പ്, ബാർലി, ചോളം തുടങ്ങിയ ധാന്യങ്ങൾ, വാഴപ്പിണ്ടി, പൂക്കൾ, ചേമ്പ്താള്, കടച്ചക്ക, ഇടിച്ചക്ക. ചുരയ്ക്ക, കുമ്പളങ്ങ, വെള്ളരിക്ക, പീച്ചിങ്ങ തുടങ്ങിയ പച്ചക്കറികൾ, ചക്ക, മാങ്ങ, സപ്പോട്ട. ചാമ്പ തുടങ്ങിയ പഴവർഗ്ഗങ്ങൾ ഇവയൊക്കെ ക്യാൻസറിനെ പ്രതിരോധിക്കാൻ ഉതകുന്ന ഭക്ഷണപദാർത്ഥങ്ങളാണ്. കൂടാതെ, കരളിനെപുഷ്ടിപ്പെടുത്തുന്ന ഇനിപറയുന്ന ചട്നികൾ 1) മല്ലിയില ചട്നി, 2) കറിവേപ്പില ചട്നി, 3) മുരിങ്ങയില ചട്നി, 4) കർപ്പൂര തുളസി-നാരങ്ങായില ചട്നി, 5) ഭൃംഗരാജില ചട്നി.

2. പുളിരസചോറ്

കൊള്ളരുതാത്ത ക്യാൻസർ കോശങ്ങളെ തടയുന്നതിന് ആരോഗ്യമുള്ള നല്ല അണുക്കൾ ആവശ്യമാണ്. പൂരാതനകാലത്ത് ക്യാൻസർ ഉണ്ടായിരുന്നില്ല. കാരണം അന്ന് ജീവിച്ചിരുന്നവർ പുളിരസമുള്ള ആഹാരം കഴിച്ചിരുന്നു. പുളിരസചോറും തൈരും ദിവസവും കഴിക്കുന്നത് നല്ലതാണ്. അത് ഒരു ശീലമാക്കണം.

3. ജലചികിത്സ

ശരീരത്തിന്റെ അന്തർഭാഗം ശുദ്ധിയാക്കുന്നതിന് 1 മുതൽ 1.50 വരെ ലിറ്റർ വെള്ളം കുടിക്കണം. മറ്റു പ്രതിവിധികൾ ഇവയാണ് – 1) അന്തർഗ്രന്ഥിസ്രാവം സാധാരണനിലയിൽ നിലനിർത്തുന്നതിന് മാസത്തിലൊരിക്കൽ ആവണക്കെണ്ണയുപയോഗിച്ചുള്ള ശുദ്ധീകരണം നടത്തണം. 2) ശരീരപ്രകൃതി സംരക്ഷിക്കുന്നതിന് മാസത്തിൽ രണ്ടുപ്രാവശ്യം അരിയാഹാരം കഴിക്കാതെ നോയമ്പ് നോക്കണം. 3) മനഃസംശുദ്ധിക്കുവേണ്ടി വിവിധ മതഗ്രന്ഥങ്ങൾ വായിക്കണം, സമൂഹത്തോടുള്ള കടമ നിറവേറ്റുന്നത് ആത്മസമർപ്പണത്തോടെ ആയിരിക്കണം കർക്കിടകത്തിൽ മരുന്നു കഞ്ഞികുടിക്കുന്നതുൾപ്പെടെ വിവിധ മതസ്ഥർ ആചരിക്കുന്ന നോയമ്പുകൾ ആരോഗ്യത്തിന്റെ സംരക്ഷണത്തിനുവേണ്ടിയുള്ളതാണ്.

4. യോഗ

യോഗാഭ്യാസത്തിലൂടെയുള്ള വ്യായാമം മനസ്സിനും ശരീരത്തിനും ഒഴിച്ചുകൂടാനാവാത്തതാണ്. എന്തെന്നാൽ, നമ്മുടെ ശരീരത്തിൽ വ്യാപിക്കുന്ന ക്യാൻസർ കോശങ്ങളെ നശിപ്പിക്കുന്നു. മേദോവാഹിനിയിലൂടെയുള്ള പ്രവാഹം വർദ്ധിപ്പിക്കുന്നതിന് യോഗാഭ്യാസം സഹായിക്കുന്നു. ആവശ്യത്തിനു വ്യായാമം നൽകാതെ മേദോവാഹിനിവഴിയുള്ള പ്രവാഹം നമ്മൾ ദുർബ്ബലപ്പെടുത്തുന്നതിന്റെ ഫലമായി ക്യാൻസർ കോശങ്ങൾ രക്ഷപ്പെടുന്നു. നിയന്ത്രണാതീതമാകുന്നു.

5. മനസ്സമാധാനം

മനസ്സിന്റെ ശാന്തത പിരിമുറക്കം കുറയ്ക്കുന്നു. മുൻകാലങ്ങളിൽ കഥകളി, ഭരതനാട്യം, മോഹിനിയാട്ടം, തിരുവാതിരക്കളി, ഓണക്കളി തുടങ്ങിയ സൗമ്യനൃത്തരൂപങ്ങൾ മാനസിക സംഘർഷത്തിന് അയവു വരുത്തിയിരുന്നു. വൈകാരികമായ സാന്ത്വനം അവ പ്രദാനം ചെയ്തിരുന്നു. ആധുനിക വിചിന്തനത്തിൽ നിന്നും വ്യത്യസ്തമായിരുന്നു നാടൻപാട്ടുകൾ കേൾക്കുന്നതിന് കൂടുതൽ സമയം കണ്ടെത്തിയും പിരിമുറക്കമുണ്ടാക്കുന്ന അതിവേഗ-ചെകിടടപ്പൻ പാട്ടുകൾ കഴിയുന്നത്ര ഒഴിവാക്കിയും മനസ്സിന്റെ സമനില നഷ്ടപ്പെടാതെ സൂക്ഷിക്കാവുന്നതാണ്.

ഭർത്താവ്, ഭാര്യ, അച്ഛൻ, അമ്മ, സഹോദരി, സഹോദരൻ, സുഹൃത്ത്, സമൂഹം എന്നിവരോട് കടമകൾ നിർവഹിച്ചുകൊണ്ട് ജീവിക്കണം എന്ന ചിന്തയോടെയായിരുന്നു നമ്മുടെപൂർവികർ അവരുടെ ജീവിതശൈലി ക്രമീകരിച്ചിരുന്നത്. ഇന്ന് അങ്ങനെയല്ല. വ്യക്തിപരമായ നേട്ടങ്ങൾക്കും ഒരു പ്രത്യേക സമൂഹത്തിന്റെ അഭ്യുന്നതിക്കും ഉതകുന്ന രീതിയിലാണ് സാമൂഹ്യസേവനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. സമൂഹത്തിന്റെ ഉന്നമനത്തിനും സമ്പദ്സമൃദ്ധിക്കും വേണ്ടി സൃഷ്ടിപരമായി പ്രവർത്തിക്കുന്നതിനുപകരം പിൻവാങ്ങുന്നത് അലസതമൂലമാണ്.

നമ്മുടെ ജീവിതം ഇവിടെ അവസാനിക്കുന്നില്ലെന്നും ഇന്നത്തെ പ്രവൃത്തികൾ വരും ജന്മത്തിന്റെ ബീജവാഹികളാണെന്നുമുള്ള അറിവില്ലായ്മയിൽ നിന്നാണ് ഇതെല്ലാം ഉടലെടുക്കുന്നത്. നമ്മളെല്ലാം കർമ്മഭാവത്തിന്റെ പ്രത്യക്ഷരൂപങ്ങളാണെന്ന് പുരാതനഭാരതീയ ശാസ്ത്രം പ്രഖ്യാപിക്കുന്നു. ശക്തി ഉൽപാദിപ്പിക്കാൻ കഴിയുകയില്ല. നശിപ്പിക്കാനും കഴിയില്ല. അതിനെഒരു രൂപത്തിൽ നിന്നും മറ്റൊരു രൂപത്തിലേക്ക് രൂപാന്തരപ്പെടുത്താനേകഴിയുകയുള്ളൂ ഇതാണ് ആധുനിക ശാസ്ത്രം വെളിപ്പെടുത്തുന്നത്. മരണശേഷം നമ്മൾ വിവിധ രൂപങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നു. നമ്മുടെ ഇപ്പോഴത്തെ സമീപനങ്ങളും പ്രവൃത്തികളും വരും ജന്മത്തെ ജീവിതത്തിന് കളമൊരുക്കുന്നു. സ്വാർത്ഥപരമായ നിലപാടുകളിൽ നിന്ന് നിസ്വാർത്ഥവും കടമ നിബദ്ധവുമായ ഭാവത്തിലേക്ക് നമ്മൾ സ്വയം മാറണം. അങ്ങനെയായാൽ ക്യാൻസറടക്കമുള്ള എല്ലാ രോഗങ്ങളിൽ നിന്നും മോചനം നേടാവുന്നതാണ്.

മനുഷ്യനന്മയക്കുവേണ്ടി ഒരു മനസ്സോടെ പ്രവർത്തിക്കുന്നതിനുള്ള അവബോധം ഉണ്ടകട്ടെ എന്ന പ്രാർത്ഥനയൊടെ.